LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡ്

141 (2010) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊഴിക്കര മുതൽ-ലക്ഷ്മീപുരം തോപ്പ് വഴി കൊല്ലം വരെയുള്ള തീരദേശ റോഡിന്റെ നിലവിലുള്ള ഗതാഗത സൗകര്യം എന്താണ് ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിലേക്കായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും, ആയതിന്റെ പുരോഗതിയും അറിയിക്കുമോ ;

(സി) ഈ റോഡിന്റെ തുടക്കത്തിലുള്ള ടാറിംഗ് ജോലികൾ ആരംഭിച്ചുവോ (4.5 കി.മി.) ; എങ്കിൽ പ്രവർത്തനപുരോഗതി അറിയിക്കുമോ ; ടാറിംഗ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ; അത് പരിഹരിക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ-സി) നിലവിൽ ടി റോഡ് പൂർണ്ണതോതിൽ സഞ്ചാരയോഗ്യമല്ല. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഇരുചക്രവാഹനങ്ങളും കാറുകളും ഈവഴി കടന്ന് പോകുന്നുണ്ട്. പൊഴിക്കരനിന്നും ആരംഭിച്ച് ലക്ഷ്മിപുരം തോപ്പുവഴി കൊല്ലത്തേക്കുള്ള തീരദേശ റോഡിൽ ഉൾപ്പെട്ട പൊഴിക്കര മുതൽ മുക്കംപൊഴി വരെയുള്ള റോഡിന്റെ ടാറിംഗിനായി 3 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ ടി പ്രവൃത്തി ഒരിക്കൽകൂടി ടെണ്ടർ ചെയ്യുകയും ടി ദർഘാസിൽ ഒരു കരാറുകാരൻ പങ്കെടുക്കുകയും ചെയ്തു. ടി ദർഘാസ് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത റോഡിൽ മുക്കംപൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. ലക്ഷ്മീപുരംതോപ്പുമുതൽ ഇരവിപുരം വരെയുള്ള റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമാണ്. ഇരവിപുരം കാക്കത്തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിനായി 66 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ക്രമീകരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കാക്കത്തോപ്പുമുതൽ കൊല്ലം വരെയുള്ള റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമല്ല.

യാത്രാക്കപ്പൽ സർവീസ് ആരംഭിക്കുന്നതിന് പദ്ധതി

142 (2011) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം എന്നേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ യാത്രാക്കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഒരു യാത്രക്കാരന് ഒരു കിലോമീറ്റർ യാത്ര ചെയ്യുന്നതിന് ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി-വിഴിഞ്ഞം, തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് യാത്രാക്കപ്പൽ സൗകര്യം ആരംഭിക്കുന്നതിനായി തുറമുഖ വകുപ്പ് സ്വകാര്യ സംരംഭകരിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയുണ്ടായി. എന്നാൽ സ്വകാര്യ സംരംഭകരാരുംതന്നെ താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടില്ല. കേരള തീരത്ത് യാത്രാക്കപ്പൽ ഗതാഗതം നടത്തുന്നതിനായി ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ട്.

(സി) സ്വകാര്യ സംരംഭകരും ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടന്നുവരുന്നു.

ഓലക്കീൽ കടവ് പാലം നിർമ്മാണം

143 (2012) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി പഞ്ചായത്തിലെ ഓലക്കീലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലം നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഹാർബർ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകുന്നതാണെന്ന് 11-7-2014-ലെ സബ്മിഷന് ബഹു. ഫിഷറീസ് വകുപ്പുമന്ത്രി മറുപടി നൽകിയിരുന്നെങ്കിലും ഇതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമാക്കി പ്രസ്തുത പാലം നബാർഡിന്റെ RIDF 20-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ടി പ്രവൃത്തിക്കായി പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. ടി പാലം പണിയുന്നത് സംബന്ധിച്ചുള്ള പദ്ധതി രൂപരേഖയുടെ വിശദമായ എസ്റ്റിമേറ്റ് (പ്രാഥമിക പഠനം ഉൾപ്പെടെ) തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ്-20-ൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതനുസരിച്ച് പ്രാഥമിക പഠനത്തിനുള്ള ശിപാർശ സമർപ്പിക്കുകയും ആയത് നബാർഡ് ശീർഷകത്തിൽനിന്നും ഭരണാനുമതി നൽകുന്നകാര്യം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly